മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—പരസ്യം ചെയ്യാതിരിയ്ക്കുവാൻ വല്ല കാരണവുമുണ്ടോ?

രാമവർമ്മതമ്പുരാൻ.—പ്രത്യേകിച്ചു ഒരു കാരണമൊന്നുമില്ല.

മിസ്റ്റർ കെ. അയ്യപ്പൻ.—പരസ്യം ചെയ്യാതെ ടെണ്ടർ വിളിയ്ക്കാൻ ആളുകളുണ്ടാകുമോ?

രാമവർമ്മതമ്പുരാൻ.—പുസ്തകം സപ്ലൈ ചെയ്യുന്ന കാര്യത്തിനാണെന്നുള്ളതു് എല്ലാവർക്കും അറിയാം.

മിസ്റ്റർ കെ. അയ്യപ്പൻ.—അടുത്ത കൊല്ലത്തേയ്ക്കു് പുസ്തകം സപ്ലൈ ചെയ്യുവാൻ ഏല്പിച്ചിരിക്കുന്നതു് ആരെയാണു്?

രാമവർമ്മതമ്പുരാൻ.—കോ-ഓപ്പറേറീവ് സൊസൈറ്റി സെക്രട്ടറി, ദേവരാജയ്യർ, ബുക്ക്സെല്ലേഴ്സ്.

മിസ്റ്റർ കെ. അയ്യപ്പൻ.—പരസ്യം ചെയ്യാതെ എങ്ങിനെയാണു് പുസ്തകം സപ്ലൈ ചെയ്യുന്നതു്?

രാമവർമ്മതമ്പുരാൻ.—നോട്ടീസു് വേണം.

മിസ്റ്റർ എം. കെ. രാമൻ.—രണ്ടുപേർക്കേ ടെണ്ടർ ഉണ്ടായിരുന്നുള്ളു; അതിൽ ഒരാൾക്കു കൊടുത്തുവെന്നു പറയുന്നു. മറ്റേ ആൾക്കു കൊടുത്തില്ലേ?

രാമവർമ്മതമ്പുരാൻ.—നോട്ടീസു് വേണം.

മിസ്റ്റർ കെ. പി. വള്ളോൻ.—ടെണ്ടർ വിളിക്കാതെ ആ ആൾക്കു കൊടുത്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അനേഷിയ്ക്കാം.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—ഇനിമേലാലെങ്കിലും ഇതിനെപ്പറ്റി വേണ്ടപോലെ അനേഷിയ്ക്കുമോ?

രാമവർമ്മതമ്പുരാൻ.—ഈ Point നെപ്പറ്റി enquire ചെയ്യാം.

Appointments in the Income-tax Department—advertisement for.

375. Mr. K. T. Mathew.—Will the Government be pleased to inform:—

(a) whether representation was not made in the Legislative Council that as appointments to be made are not advertised, duly qualified persons residing outside Trichur and Ernakulam do not get information in time to apply for the posts to be filled up; and if so,

(b) whether all the appointments in the Income-tax Department were advertised and applications called for; and if not,

(c) what is the reason for not complying with the request in the representation made in the Legislative Council?

Rama Varmha Tampuran.—(a) Yes.

LIBRARY ARCHIVES Kerala Legislative Assembly

(b) and c) The Member is referred to the answer given to question No. 368.

Agricultural indebtedness.

376. Mr. K. M. Ibrahim.—With reference to question No. 23, will the Government be pleased to state what they have done on the resolution about the same subject, passed unanimously in this House?

Rama Varmha Tampuran.—The question is engaging the attention of the Government.

Sanitary Officers of the Panchayat Department—transfer of.

377. മിസ്റ്റർ കെ. എം. ഇബ്രാഹിം.—(a) പഞ്ചായത്തുഡിപ്പാർട്ട്മെണ്ടിന്റെ സാനിറേഷൻ വകുപ്പിൽ ഇപ്പോൾ എത്രപേർ ഉദ്യോഗത്തിലുണ്ടെന്നും അവരുടെ സർവ്വീസ് എത്രകൊല്ലമായിട്ടുണ്ടെന്നും കാണിക്കാമോ;

(b) അടുത്തകൊല്ലത്തിൽ മേൽപറഞ്ഞവരെ ഹെൽത്തു ഡിപ്പാർട്ട്മെണ്ടിൽ എന്തുജോലികൊടുക്കാണ് നിയമിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നു പറയാമോ?

മിസ്റ്റർ പി. വി. റാഫേൽ.—(a) ൧൦൧ സീനിയർമാരും, ൩൯ സ്കാവഞ്ചർമാരും, ൪ സാനിറേറി മേസ്തിരികളും ഉണ്ട്. സീനിയർമാർക്കും സ്കാവഞ്ചർമാർക്കും സർവ്വീസ് പുസ്തകങ്ങൾ വച്ചിട്ടില്ലാത്തതിനാൽ അവരുടെ സർവ്വീസ് ഇത്രയാണെന്നു പറയുവാൻ സാധിക്കുന്നതല്ലാ. സാനിറേറി മേസ്തിരിമാരുടെ സർവ്വീസ് താഴെചേർക്കുന്നു.

		കൊല്ലം.	മാസം	ദിവസം
സാനിറേറി മേസ്തി	ലോകമലേശ്വരം	൧൫	൬	൧൫
ടി	ഇരിങ്ങാലക്കുട	൧൩	൨	൨൪
ടി	വടക്കാഞ്ചേരി	൧൩	൧൧	൧൦
ടി	നെന്മാറ	൩	൦	൨൮
ടി	നല്ലേപ്പിള്ളി	൧൧	൬	൧൪

(b) ഇപ്പോൾ പഞ്ചായത്തു ഡിപ്പാർട്ട്മെണ്ടിന്റെ അധീനത്തിൽ ഇരിക്കുന്നതും അടുത്തവർഷംമുതൽ ഹെൽത്തു് ഡിപ്പാർട്ട്മെണ്ടിലേക്കു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതും ആയ ൪ പട്ടണങ്ങളിലെ ശുചീകരണ വേലക്കാരിൽ മേസ്തിരിമാരൊഴികെബാക്കി എല്ലാവരേയും അതേസ്ഥലങ്ങളിൽ അതേ ജോലിക്കുതന്നെ നിശ്ചയിക്കുന്നതാകുന്നു. ടി പട്ടണങ്ങളിലെ മേസ്തിരിമാരേയും ഇതരപഞ്ചായത്തുകളിലുള്ള ശുചീകരണ വേലക്കാരേയും പഞ്ചായത്തിൻകീഴിൽതന്നെ ജോലിക്കു നിശ്ചയിക്കുന്നതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly